LIBRARY ARCHIVES Kerala Legislative Assembly

പാരാമെഡിക്കൽ ജീവനക്കാരുടെ പ്രശ്നങ്ങൾ

83 (8143) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും പാരാമെഡിക്കൽ രംഗത്തേയും പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിന് ഒരു കമ്മീഷനെ നിയമിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്ത മാക്കുമോ ;

(ബി) ഇവരുടെ കോമ്പൻസേറ്ററി അവധി, ആശുപത്രി വനിതാ ജീവനക്കാരുടെ യൂണിഫോം, ഡി.എം.ഇ.-യിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസിന്റെ പൂർത്തീകരണം, സംസ്ഥാനത്ത് ഒരു ലബോറട്ടറി കൗൺസിൽ രൂപീകരണം എന്നീ കാര്യങ്ങൾ കമ്മീഷന്റെ പഠന വിഷയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൃശ്ശൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടനിർമ്മാണം

84 (8144) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(ബി) കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെ യായെന്ന് വിശദമാക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത് ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനു മതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ഏത് ഏജൻസിയാണ് വിശദാംശങ്ങൾ നൽകുമോ ?